**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3759** **02-03-2023 - ൽ മറുപടിയ്ക്ക്**

**നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിൽ കായിക പരിശീലനം ആരംഭിക്കുന്നതിന് എന്തെല്ലാം അനുബന്ധ സൗകര്യങ്ങളാണ് അടിയന്തരമായി ലഭ്യമാകേണ്ടത്; വിശദാംശം അറിയിക്കാമോ; | (എ) | **നിലവിൽ നടുവണ്ണൂർ വോളീബോൾ അക്കാഡമി പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടത്തിൽ പരിശീലനത്തിനാവശ്യമായ ഇൻഡോർ മേപ്പിൾ വുഡ് കോർട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടികളുടെ താമസത്തിനും പഠനസൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ കട്ടിൽ, കിടക്ക, അലമാര, ചെയർ, തുടങ്ങിയവയും ഹോസ്റ്റലിലേക്കുള്ള അടുക്കള, ഡൈനിംഗ് ഹാൾ, ഓഫീസ് എന്നിവയിലേയ്ക്കാവശ്യമായ ഉപകരണങ്ങളും കുട്ടികളുടെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് വെയ്റ്റ് ട്രെയിനിംഗ് ഉപകരണങ്ങൾ, മൾട്ടി ജിം തുടങ്ങിയവും ഗ്രൗണ്ടിലേക്ക് ആവശ്യമുള്ള ടെറാഫ്ളക്സ്, വോളീബോൾ പരിശീലനത്തിന് ആവശ്യമായ ബോൾ, നെറ്റ് തുടങ്ങിയ കളി ഉപകരണങ്ങളും ഒരുക്കേണ്ടതുണ്ട്.** |
| (ബി) | പ്രസ്തുത അക്കാദമിയിൽ അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അക്കാദമി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം അറിയിക്കുമോ; | (ബി) | **പ്രസ്തുത അക്കാദമിയിൽ അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലഭ്യമായഅപേക്ഷ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | എത്ര കുട്ടികൾക്കാണ് ആദ്യ ഘട്ടത്തിൽ പ്രസ്തുത അക്കാദമിയിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ? | (സി) | **പ്രസ്തുത അക്കാഡമിയിൽ ഏകദേശം 60 കുട്ടികൾക്ക് പരിശീലനം നടത്തുന്നതിനുള്ള സൗകര്യമുണ്ട്. നിലവിൽ ഹോസ്റ്റൽ സ്കീമിലുൾപ്പെട്ട 9 കായിക താരങ്ങളാണ് അക്കാഡമിയിലുള്ളത്. 2023-24 വർഷത്തിൽ സ്പോർട്സ് അക്കാഡമികളിലേയ്ക്ക് അനുവദിക്കേണ്ട കായികതാരങ്ങളുടെ സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ